5. ഗുരുവായൂർ മണ്ഡലത്തിലെ വളയംകോട് പാലം, ചാവക്കാട് മിനി സിവിൽ സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, ഞാൻ മൂന്നാമത്തെ തവണയാണ് ഈ വിഷയം അസംബ്ലിയിൽ അവതരിപ്പിക്കുന്നത്. രണ്ടാമത്തെ പ്രാവശ്യം അവതരിപ്പിച്ചപ്പോൾ അങ്ങ് വളരെ ശക്തമായ ഭാഷയിൽ മന്ത്രിയോട് ഇത് ചെയ്തുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. പക്ഷെ ഒരു ഫലവുമുണ്ടായിട്ടില്ല. കൊല്ലം മൂന്ന് കടന്നുപോയി. എന്റെ നിയോജകമണ്ഡലത്തിലെ വളയംകോട് പാലത്തിന്റെ നിർമ്മാണം വൈകുന്നതുമൂലം ഈ പ്രദേശത്തെ ജനങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ പലതവണ ഈ സഭാ മുൻപാകെ കൊണ്ടുവന്നിട്ടുണ്ട്. അപ്പോഴെല്ലാം ഈ പാലത്തിന്റെ നിർമ്മാണം വൈകിക്കുകയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയിട്ടുള്ളതാണ്. ഭരണാനുമതിയും പ്രത്യേകാനുമതിയും ലഭിച്ചിട്ടുള്ള ഈ നിർമ്മാണ പ്രവർത്തനത്തിന് ഈ വർഷത്തെ ബഡ്ജറ്റിലും തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇൻലാൻഡ് വാട്ടർ അതോറിറ്റിയുടെ ചില പ്രശ്നങ്ങൾ കാരണമാണ് നീണ്ടുപോകുന്നതെന്നാണ് പറയുന്നത്. രണ്ട് നിർദ്ദേശങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ വച്ചിട്ടുണ്ട്. അതിൽ ഏതെങ്കിലും ഒരു പ്രൊപ്പോസൽ ഉടൻതന്നെ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. മൂന്നു വർഷമായി നീട്ടിക്കൊണ്ടുപോകുന്നു. വളരെവേഗത്തിൽത്തന്നെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടിയുണ്ടാകണം.

മറ്റൊന്ന് എനിക്ക് പറയാനുള്ളത് ചാവക്കാട് മിനിസിവിൽ സ്റ്റേഷനെ കുറിച്ചാണ്. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനും പി.ഡബ്ല്യു.ഡി.യും തമ്മിലുള്ള ശീതസമരം കൊണ്ടാണ് ചാവക്കാട് മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടായിരിക്കുന്നത്. ഈ വർക്ക് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുക്കണ്ടെന്ന് പി.ഡബ്ല്യു.ഡി.യും പ്രൈവറ്റ് പാർട്ടിക്ക് കൊടുക്കണമെന്ന് മറ്റുള്ളവരും നടത്തുന്ന ശീതസമരമാണ്. രണ്ടുപ്രാവശ്യം ഇത് ടെണ്ടർ ചെയ്തു. രണ്ട് പ്രാവശ്യവും ഓരോ കാരണങ്ങൾ പറഞ്ഞ് മൂന്നു വർഷമായിട്ടും ഈ വർക്ക് നടത്താതിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒന്നുകിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ വേണ്ടെന്നുവയ്ക്കുക, അല്ലെങ്കിൽ ആർക്ക് കൊടുക്കണമെന്ന് തീരുമാനിക്കുക, അല്ലെങ്കിൽ ഇവർ തമ്മിലുള്ള വഴക്ക് തീർക്കാൻവേണ്ടി പ്രത്യേക നടപടി സ്വീകരിക്കുക. എന്റെ നിയോജകമണ്ഡലത്തിലെ വർക്കുകളെ ഇത് ബാധിക്കരുത്. അങ്ങ് എങ്ങനെയെങ്കിലും ഇടപെട്ട് ഇവർ തമ്മിലുള്ള കുഴപ്പം അവസാനിപ്പിച്ച് ഈ വർക്ക് നടത്താനുള്ള ശ്രമം നടത്തുമോ?

വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ. ഇടക്കഴിയൂർ-വെളിയംകോട് റോഡിൽ കനോലി കനാലിന് കുറുകെയുള്ള പാലത്തിന്റെ നിർമ്മാണം എന്തുകൊണ്ടാണ് നീണ്ടുപോയതെന്ന് ബഹുമാനപ്പെട്ട മെമ്പർതന്നെ ഇവിടെ പറഞ്ഞു. യഥാർത്ഥത്തിൽ 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റായിരുന്നു. അതിപ്പോൾ ഇൻലാൻഡ് വാട്ടർ അതോറിറ്റിയുടെ നിർദ്ദേശാനുസരണം റിവൈസ് ചെയ്തപ്പോൾ 524 ലക്ഷം രൂപയായിട്ടുണ്ട്. ഇൻലാൻഡ് വാട്ടർ അതോറിറ്റിയുടെ ഇടപെടലാണ് യഥാർത്ഥത്തിൽ ഈ വർക്ക് താമസിപ്പിച്ചത്. അക്കാര്യത്തിൽ ഏറെ താമസിയാതെ നടപടികൾ സ്വീകരിക്കുന്നതാണ്. മിനി സിവിൽ സ്റ്റേഷൻ വർക്ക് ഇപ്പോൾ അവസാന ഘട്ടത്തിലെത്തി. ടെണ്ടർ വിളിച്ചു. ടെണ്ടർ വിളിച്ചപ്പോൾ കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുത്തു. അപ്പോൾ കോൺട്രാക്ടർ അതി

LIBRARY ARCHIVES Kerala Legislative Assembly

നെതിരെ കേസിനുപോയി. റീടെണ്ടർ ചെയ്യാനുള്ള ഉത്തരവായി. ഇപ്പോൾ ടെണ്ടർ കമ്മിറ്റി അംഗീകാരം കൊടുത്തു. കൺസ്ട്രക്ഷൻ കോർപ്പറേഷന് 16.3.1999-ൽ സെലക്ഷൻ നോട്ടീസ് കൊടുത്തുകഴിഞ്ഞു. ഇനി അവർ എഗ്രിമെന്റ് വച്ച് പണി തുടങ്ങിയാൽ മതി. ഒന്നുകൂടി പരിശോധിച്ചിട്ട് അടിയന്തിരനടപടികൾ സ്വീകരിക്കുന്നതാണ്.

6. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ മൂത്രപ്പുരകളുടെ ശോച്യാവസ്ഥ

ശ്രീ. ടി.കെ. നൗഷാദ് : സർ, കേരളീയർ പൊതുവെ വൃത്തിയും ശുദ്ധിയുമുള്ളവരാണ്. ആരോഗ്യപരിപാലനത്തിന്റെ കാര്യത്തിൽ വളരെയധികം മുന്നിൽ നിൽക്കുന്നവരാണ്. കേരളത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ മൂത്രപ്പുരകളിലേക്കൊന്നും തന്നെ കടക്കാൻ കഴിയാത്ത അവസ്ഥയാണ്. ഇത് യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന സ്ഥിതിയാണ്. യാത്രക്കാരിൽനിന്നും എന്തെങ്കിലും പൈസ വാങ്ങിച്ചാലും പ്രശ്നമില്ല, ഇക്കാര്യം ഗൗരവമായി എടുത്ത് മൂത്രപ്പുരകൾ വൃത്തിയായി സൂക്ഷിക്കാനും പൊട്ടിപ്പൊളിഞ്ഞ മൂത്രപ്പുരകൾ കേടുപാടുകൾ തീർത്ത് വൃത്തിയാക്കി സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കേരളത്തിലെ കെ.എസ്.ആർ.ടി.സി. യുടെ എല്ലാ ഡിപ്പോകളിലെയും ജീവനക്കാരുടെയും യാത്രക്കാരുടെയും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ഇത് വൃത്തിയായും ഉപയോഗയോഗ്യമായും സൂക്ഷിക്കുന്നതിന് കർശന നിർദ്ദേശമാണ് എല്ലാ യൂണിറ്റ് ഓഫീസർമാർക്കും നൽകിയിട്ടുള്ളത്. മൂത്രപ്പുരകളും മറ്റും വൃത്തിയായി സൂക്ഷിക്കുന്നതിന് സ്കാവെഞ്ചർ വിഭാഗത്തിലെ സ്ഥിരം ജീവനക്കാർ ഇല്ലെങ്കിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ഇവ എല്ലാ ദിവസവും വൃത്തിയാക്കുന്നതിന് യൂണിറ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സൗകര്യമുള്ള എല്ലാ യൂണിറ്റുകളിലും പണം കൊടുത്ത് ഉപയോഗിക്കാവുന്ന മൂത്രപ്പുരകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇപ്പോൾ 29 യൂണിറ്റുകളിലാണ് പെയ്ഡ് യൂറിനലുകൾ പ്രവർത്തിക്കുന്നത്. ഇത്തരത്തിലുള്ള പെയ്ഡ് യൂറിനലുകളുടെ കരാർ നൽകുമ്പോൾ വൃത്തിയായി സൂക്ഷിക്കണമെന്ന വ്യവസ്ഥയിലാണ് കരാറുകാരന് കരാർ ഉറപ്പിച്ച് നൽകാറുള്ളത്. ഇതിൽ വീഴ്ചവരുത്തുന്ന കരാറുകാരന്റെ മേൽ നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനമുണ്ട്. അറ്റകുറ്റപ്പണികൾ ആവശ്യമാണെന്ന് യൂണിറ്റ് ഓഫീസർമാർ അറിയിക്കുന്നതിനെത്തുടർന്ന് മുൻഗണനാക്രമത്തിലും സാമ്പത്തിക ലഭ്യതാനുസൃതമായും പണികൾ നടത്തി മൂത്രപ്പുരകൾ ഉപയോഗയോഗ്യമാക്കാറുണ്ട്. ഇത്തരത്തിൽ കരുനാഗപ്പള്ളി യൂണിറ്റിലെ പണി തീർന്നു കഴിഞ്ഞു. എറണാകുളത്തും ചേർത്തലയിലും പണി പുരോഗമിച്ചു വരുന്നു. പൂവ്വാർ, മാവേലിക്കര, കാസർഗോഡ് എന്നീ യൂണിറ്റുകളിലെ പണി നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. യൂണിറ്റ് ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പണികൾക്ക് ആവശ്യമായ സാമ്പത്തിക ലഭ്യത ഉറപ്പുവരുത്തുന്നതിനും അത് നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ പെയ്ഡ് യൂറിനലുകൾ ഏർപ്പെടുത്തിയപ്പോൾ ആദ്യം കുറച്ച് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചി

LIBRARY ARCHIVES Kerala Legislative Assembly